# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1786 16/06/2014-ൽ മറുപടിയ്ക്ക്

## വാടാനപ്പള്ളി ഫിഷറീസ് കോളനിയിലെ വീടുകളുടെ പുനർ നിർമ്മാണം

| ചോദ്യം<br>ശ്രീ. പി. എ. മാധവൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) മണലൂർ ഗ്രാമപഞ്ചായത്തിലെ വാടാനപ്പള്ളി ഫിഷറീസ് കോളനിയ ിൽ മത്സ്യത്തൊഴി ലാളികൾ താമസിക്കുന്ന 43 വർഷം പഴക്കമുള്ള ഇരട്ട വീടുകൾ, ഒറ്റ വീടുകളായി പുനർനിർമ്മിക്കുന്നതിന് എം.എൽ.എ നൽകിയ നിവേ ദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ഫിഷർമെൻ കോളനികൾ നവീകരിക്കുന്ന പദ്ധതിയിൽ മണലൂർ ഗ്രാമപഞ്ചായത്തിലെ വാടാനപ്പള്ളി ഫിഷറീസ് കോളനി പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വീടുകൾ തീരദേശ വിക സന ഏജൻസി മുഖേന പുനർനിർമ്മിക്കുന്നതിന് നടപടി കൾ സ്വീകരിക്കുമോ? | (ബി) | കോളനിയിലെ വീടുകൾ പുനരുദ്ധതിക്കുന്നതിനുള്ള ധനസഹായ പദ്ധതി ജില്ലാ ഫിഷറീസ് ആഫീസ് വഴിയാണ് നടപ്പിലാക്കുന്നത്. കോളനി വീടുകൾ പുനർ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയും, കോളനി പുനരുദ്ധാരണത്തിന് 50,000/- രൂപയുമാണ് നൽകാൻ നിശ്ചയിച്ചിട്ടുള്ളത്. കോളനിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ആഫീസർ